പതിമൂന്നാം കേരളനിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2970

11/12/2014 ലെ മറുപടിക്ക്

## സ്വാശ്രയ എയ്ഡഡ് വിദ്യാലയങ്ങളിലെ ജീവനക്കാരുടെ സേവന – വേതന വ്യവസ്ഥകൾ സംബന്ധിച്ച നിയമ നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.ശശി | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സ്വാശ്രയ എയ്ഡഡ് വിദ്യാലയങ്ങളിലെ ജീവനക്കാരുടെ സേവന – വേതന വ്യവസ്ഥകൾ സംബന്ധിച്ച് നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ എതു വരെയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എ) യും (ബി) യും | 14.02.2011 ലെ ജി.ഒ.(എം.എസ്) നം.36/11/പൊ.വി.നമ്പർ ഉത്തരവ് പ്രകാരം അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളിലെ പ്രധാനാദ്ധ്യാപകന് 7,000/-രൂപയും, എച്ച്.എസ്.എ.യ്ക്ക് 6,000/- രൂപയും പ്രൈമറി ടീച്ചർക്ക് 5,000/- രൂപയും ക്ലാർക്കിന് 4,000/- രൂപയും ക്ലാസ് ഫോർ ജീവനക്കാർക്ക് 3,500/- രൂപയും നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. അൺഎയ്ഡഡ് സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. സ്കൂളുകളിലെ അദ്ധ്യാപകരെയും അനദ്ധ്യാപകരെയും മിനിമം വേജസ് ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി നിയമനിർമ്മാണം നടത്തുന്നത് സംബന്ധിച്ച വിഷയം നിയമ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ